പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2836

02.04.2013ൽ മറുപടിക്ക്

## മണലിന്റെ ശേഖരണവും വിപണനവും

ചോദ്യം
ശ്രീമതി.പി.അയിഷാ പോറ്റി :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | മണലിന്റെ ശേഖരണവും വിപണനവും പൊതുമേഖലയിൽ ആക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ; | (എ) റവന്യു വകുപ്പിന്റെ ചുമതലയിൽ പായ്ക്കറ്റുകളിലാക്കി മണൽ വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. |
| (ബി) | മണൽ വാരൽ നടക്കുന്ന കടവുകളിൽ നദീ സംരക്ഷണ സേന രൂപവത്കരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; | (ബി) & (സി) മണൽ വാരൽ രംഗത്തെ മാഫിയവത്ക്കരണം അനധികൃത മണലൂറ്റ് തടയുക എന്നീ ഉദ്ദേശത്തോടെ 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിന് 07-03-2013 ന് 2013 ലെ ഭേദഗതി ആക്ട് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഭേദഗതി ആക്ടിലെ സെക്ഷൻ 26എ പ്രകാരം ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടി സർക്കാർ ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.<br>07-03-2013 ലെ ഭേദഗതി ആക്ട് അനുശാസിക്കും പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് നദീസംരക്ഷണ സേന രൂപീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മണൽ വാരൽ രംഗത്തെ മാഫിയാവത്കരണം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന മറ്റ് നടപടികൾ വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ